**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2880** **22-01-2021 - ൽ മറുപടിയ്ക്ക്**

**അമ്പലപ്പാറ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉണ്ണി | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | തച്ചനാട്ടുകര , അമ്പലപ്പാറ കുടിവെള്ള പദ്ധതികൾക്കായി ഈ സർക്കാർ എത്ര രൂപയാണ് 01/07/2016 മുതൽ 31/12/2020 വരെയുള്ള കാലയളവിൽ ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന അമ്പലപ്പാറ പഞ്ചായത്തിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി – ഒന്നും രണ്ടും ഘട്ടം, തച്ചനാട്ടുകര-അലനല്ലൂർ-കോട്ടോപാടം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി എന്നീ പദ്ധതികൾക്കായി 01/07/2016 മുതൽ 31/12/2020 വരെയുള്ള കാലയളവിൽ 29.8 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. |
| (ബി) | തച്ചനാട്ടുകര പദ്ധതി എത്ര ഘട്ടമായാണ് നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | തച്ചനാട്ടുകര പദ്ധതി നിലവിൽ രണ്ട് ഘട്ടമായാണ് നടപ്പിലാക്കുന്നത്. 2016-17 പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ചതും കിഫ്ബി ധനസഹായത്തോടു കൂടി നടപ്പിലാക്കുന്നതുമായ തച്ചനാട്ടുകര അലനെല്ലൂർ, കോട്ടോപ്പാടം കുടിവെള്ള പദ്ധതി - ശുദ്ധീകരണശാല, കിണർ, ട്രാൻസ്ഫോർമർ, പമ്പിംഗ് മെയിൻ മുതലായവ ഉൾപ്പെട്ട - ഒന്നാംഘട്ടം - (22 കോടി രൂപ). ജലജീവൻ മിഷൻ- തച്ചനാട്ടുകര പഞ്ചായത്തിന്റെ വിതരണ ശൃംഖലയിലേക്കുള്ള ടാങ്ക് നിർമ്മിക്കൽ, വിതരണശൃംഖല സ്ഥാപിക്കൽ ഗാർഹിക കണക്ഷനുകൾ നൽകൽ – (47.33 കോടി രൂപ.) |
| (സി) | പ്രവൃത്തിയുടെ എത്ര ഘട്ടം പൂർത്തീകരിച്ചുവെന്ന് അറിയിക്കുമോ; ആയതിലേയ്ക്കായി എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ; | (സി) | പ്രവൃത്തിയുടെ ഒന്നാം ഘട്ടം പൂർത്തീകരിച്ചു അതിലേക്ക് 17.96 കോടി രൂപ ചെലവായിട്ടുണ്ട് രണ്ടാംഘട്ടം പദ്ധതിയ്ക്കായി ജലജീവൻ മിഷനിൽ 24/12/2020 ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതിക അനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. രണ്ടാംഘട്ടം പൂർത്തീകരിക്കുന്നതോടുകൂടി ഈ രണ്ടു പഞ്ചായത്തുകളിലേയും മുഴുവൻ വീടുകളിലും ഗാർഹിക കണക്ഷൻ നൽകുവാൻ കഴിയും. |
| (ഡി) | അടുത്ത ഘട്ടങ്ങളുടെ പൂർത്തീകരണത്തിന് എന്തെല്ലാം നടപടികളാണ് നാളിതുവരെ | (ഡി) | പ്രവൃത്തിയുടെ ഒന്നാം ഘട്ടം പൂർത്തീകരിച്ചു അതിലേക്ക് 17.96 കോടി രൂപ ചെലവായിട്ടുണ്ട് |

| | | | |
|---|---|---|---|
| | സ്വീകരിച്ചത്; വിശദാംശം ലഭ്യമാക്കാമോ; | | രണ്ടാംഘട്ടം പദ്ധതിയ്ക്കായി ജലജീവൻ മിഷനിൽ 24/12/2020 ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതിക അനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. രണ്ടാംഘട്ടം പൂർത്തീകരിക്കുന്നതോടുകൂടി ഈ രണ്ടു പഞ്ചായത്തുകളിലേയും മുഴുവൻ വീടുകളിലും ഗാർഹിക കണക്ഷൻ നൽകുവാൻ കഴിയും. |
| (ഇ) | അമ്പലപ്പാറ കുടിവെള്ള പദ്ധതി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ഇ) | അമ്പലപ്പാറ കുടിവെള്ള പദ്ധതി യുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു 1. 2016-17 പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ചതും കിഫ്ബി ധനസഹായത്തോടു കൂടി നടപ്പിലാക്കിയ - അമ്പലപ്പാറ കുടിവെള്ളപദ്ധതി - ഒന്നാം ഘട്ടം- ഭരണാനുമതി തുക 10 കോടി- ഉന്നതതല സംഭരണി പമ്പിംഗ് മെയിൻ, പമ്പ് സെറ്റ്, അനുബന്ധ ഘടകങ്ങൾ എന്നിവയുടെ പ്രവൃത്തി 05.03.2019 ന് കമ്മീഷൻ ചെയ്തു. 2. 2017-18 ബജറ്റിൽ പ്രഖ്യാപിച്ചതും കിഫ്ബി ധനസഹായത്തോടു കൂടി നടപ്പിലാക്കുന്ന അമ്പലപ്പാറ പഞ്ചായത്തിലേക്കുള്ള കുടിവെള്ള പദ്ധതി രണ്ടാം ഘട്ടം - ഭരണാനുമതി തുക 11.14 കോടി - ശുദ്ധീകരണശാല ഉന്നതതല സംഭരണി, പമ്പിംഗ് മെയിൻ പമ്പ് സെറ്റ് അനുബന്ധഘടകങ്ങൾ എന്നിവയുടെ പ്രവൃത്തി 70% പൂർത്തീകരിച്ചു. ഈ ഘട്ടം 30/04/2021 ന് പൂർത്തികരിക്കാൻ ലക്ഷ്യമിടുന്നു. 3. ജലജീവൻ മിഷൻ - അമ്പലപ്പാറ പഞ്ചായത്തിലേക്കുള്ള കുടിവെള്ള പദ്ധതി മൂന്നാം ഘട്ടം - വിതരണശൃംഖലയും, ഗാർഹിക കണക്ഷനുകൾ നൽകലും - ഭരണാനുമതി തുക 37.28 കോടി - സാങ്കേതിക അനുമതി നൽകിയ ടി പദ്ധതിയുടെ നടപടിക്രമങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ